# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3117**

21/06/2013 - ലെ മറുപടിയ്ക്ക്

## കൊയിലാണ്ടിയിൽ വരൾച്ച മൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ച മൂലം സംസ്ഥാനത്ത് എത്ര രൂപയുടെ കൃഷിനാശമുണ്ടായി ; | (എ) | വരൾച്ച മൂലം 2012-2013 വർഷത്തിൽ (ഖാരിഫ് സീസണും റാബി സീസണും ചേർത്ത്) സംസ്ഥാനത്തെ കാർഷിക മേഖലയിൽ 7503.35 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി കോഴിക്കോട് ജില്ലയിൽ വിവിധ കൃഷിഭവനുകളിലായി എത്ര അപേക്ഷ ലഭിച്ചു; കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളിൽ ലഭിച്ചവ എത്ര; അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | വരൾച്ച മൂലം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ വിവിധ കൃഷിഭവനുകളിലായി ആകെ 1377 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിൽ ആകെ 44 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് അപേക്ഷകരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എത്ര കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകി; കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ; ആനുകൂല്യം ലഭിച്ച കൃഷിക്കാർ ആരെല്ലാം; വിശദമാക്കുമോ? | (സി) | കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| കൃഷി ഭവൻ | അപേക്ഷകരുടെ എണ്ണം | കൃഷിനാശം സംഭവിച്ച വിളകൾ |
|---|---|---|
| പയ്യോളി | 2 | നെൽകൃഷി - 3$^1/_2$ ഏക്കർ<br>നിലക്കടല - 1 ഏക്കർ |
| തിക്കോടി | 3 | തെങ്ങ് - 6,<br>വാഴ - 10 |
| കൊയിലാണ്ടി | 3 | വാഴ - 60,<br>വെറ്റില - 20 സെന്റ്,<br>ജാതി - 1,<br>കുരുമുളക് - 15. |
| മുടാടി | 14 | വെറ്റില - 20 സെന്റ്,<br>തെങ്ങ് - 12. |
| ചേമഞ്ചേരി | 22 | വാഴ (കുലച്ചത്) - 89<br>വാഴ (കുലയ്ക്കാത്തത്) - 15<br>പച്ചക്കറി - 10 സെന്റ്<br>തെങ്ങ് - 41,<br>കവുങ്ങ് - 30,<br>കുരുമുളക് - 148. |
| **ആകെ** | **44** | |

സെക്ഷൻ ഓഫീസർ